LIBRARY ARCHIVES Kerala Legislative Assembly

കയർ തൊഴിലാളികൾക്ക് മിനിമം കൂലി

*22 [252] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) കയർ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) 21-4-2003-ലെ ജി.ഒ. (ആർ.ടി.) 1095/2003/തൊഴിൽ നമ്പർ വിജ്ഞാപനം പ്രകാരം കയർ മേഖലയിൽ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

ഉരുക്ക്, പ്ലാസ്റ്റിക് വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രതിസന്ധി

*23 [253] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻമത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനയെത്തുടർന്ന് സംസ്ഥാനത്ത് ഉരുക്ക്, പ്ലാസ്റ്റിക് മേഖലകളിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ കടുത്ത പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാനും വില നിയന്ത്രിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇരുമ്പുകമ്പിയുടെയും ഷീറ്റിന്റെയും വിവിധയിനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) അസംസ്കൃത പദാർത്ഥങ്ങളായ ഉരുക്ക്, പ്ലാസ്റ്റിക് എന്നിവ കേരളത്തിന് പുറമെയുള്ള നിർമ്മാണശാലകളിൽ നിന്നാണ് സംസ്ഥാനത്ത് ലഭിക്കുന്നത്. അതിനാൽ ലഭ്യതയിൽ പലപ്പോഴും കാലതാമസം ഉണ്ടാകാറുണ്ട്. പൊതുവിപണിയുടെ പിടിയിൽ നിന്ന് ചെറുകിട വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുന്നതിന് സിഡ്കോയുടെ ജില്ലാതല ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ് പരിഗണിച്ച് അവ ഡിപ്പോകളിൽ വാങ്ങി

സൂക്ഷിക്കുവാൻ സിഡ്കോയ്ക്ക് സാമ്പത്തിക പരിമിധികൾ ഉണ്ട്. എന്നിരുന്നാലും ഉത്പാദകരിൽ നിന്ന് ലഭിക്കുന്നതനുസരിച്ച് അസംസ്കൃത പദാർത്ഥങ്ങൾ യൂണിറ്റുകൾക്ക് ലഭ്യമാക്കാൻ പരമാവധി ശ്രദ്ധിക്കുന്നുണ്ട്.

ഇൻഡ്യൻ പെട്രോകെമിക്കൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്ലാസ്റ്റിക് ഉൽപന്നങ്ങളാണ് സിഡ്കോ അതിന്റെ എറണാകുളം ഡിപ്പോവഴി വിതരണം ചെയ്യുന്നത്. എല്ലാ ഇനം ഗ്രാന്യൂളും ലഭ്യതയിൽ കുറവുവന്നതുമൂലം യൂണിറ്റുകൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ അത്തരം വസ്തുക്കൾ കൂടുതൽ ലഭ്യമാക്കുന്നതിനായി കമ്പനിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടാതെ മറ്റ് ഏജൻസികളിൽ നിന്നും വാങ്ങിയും ആവശ്യമെങ്കിൽ ഇറക്കുമതിവഴിയും അത്യാവശ്യവസ്തുക്കൾ യൂണിറ്റുകൾക്ക് ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ ചെയ്തുവരുന്നു.

(സി) ഇരുമ്പ്, ഉരുക്ക് സാധനങ്ങൾ പ്രധാന നിർമ്മാതാക്കളായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, വിശാഖപട്ടണം സ്റ്റീൽ പ്ലാന്റ് എന്നിവരിൽ നിന്ന് ലഭിക്കുന്നതനുസരിച്ച് ഡിപ്പോകൾ വഴി മിതമായ വിലയ്ക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വിതരണം ചെയ്തു വരുന്നു. ഇക്കഴിഞ്ഞ മേയ് മാസം അവസാന വാരം മുതൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ കൊച്ചിയിലുള്ള സംഭരണശാലയിൽ വരുന്ന കമ്പിയും ഷീറ്റും ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ ആദ്യം സിഡ്കോയ്ക്ക് നൽകുന്നതിനുള്ള ക്രമീകരണം ചെയ്തു. സിഡ്കോ അവ കേരളത്തിലെ വിവിധ ജില്ലകളിലുള്ള യൂണിറ്റുകൾക്ക് അവരുടെ ആവശ്യത്തിന്റെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നു. കമ്പിയുടെ കാര്യത്തിൽ മേയ് അവസാനവാരം മുതൽ വിതരണം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വി. ആർ. എസ്.

*24 [254] ശ്രീ. ഇ. എം. അഗസ്തി:
,, എ. കെ. മണി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ വി.ആർ.എസ്. അടിസ്ഥാനത്തിൽ പിരിച്ചുവിടുന്ന നടപടി ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ എത്രപേരെ ഈ പദ്ധതി പ്രകാരം പിരിച്ച് വിട്ടിട്ടുണ്ട്.

(സി) ഇനി എത്ര പേരെ കൂടി പിരിച്ചുവിടാനുദ്ദേശിക്കുന്നു; ഇതിനെന്ത് ചെലവു വരും;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വി.ആർ.എസ്. പ്രകാരമുള്ള തുക നൽകുവാൻ എ.ഡി.ബി. സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിലെത്രയാണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly